**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3079** **18-03-2022 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എ കെ എം അഷ്റഫ്** | | **null<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്ത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ശിപാർശ ചെയ്ത കടാശ്വാസ തുക അനുവദിക്കുവാൻ വൈകുന്നതിനുള്ള കാരണം വിശദമാക്കുമോ; | (എ) | വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്ത മത്സ്യ തൊഴിലാളികൾക്ക് മത്സ്യ ത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ശിപാർശ ചെയ്ത കടാശ്വാസ തുക അനുവദിക്കുന്നതിന് കാലതാമസം വരുന്നില്ല. |
| (ബി) | കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷനിൽ നിന്നും വായ്പയെടുത്ത മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസ കമ്മീഷൻ ശിപാർശ ചെയ്ത തുക ബന്ധപ്പെട്ട കോർപ്പറേഷന് എപ്പോൾ ലഭ്യമാക്കുമെന്ന് വിശദമാക്കുമോ; | (ബി) | കേരള സംസ്ഥന പിന്നോക്ക വിഭാഗ വികസന കോർപറേഷനിൽ നിന്നും വായ്പ എടുത്ത ഗുണഭോക്താക്കൾക്ക് കടാശ്വാസം അനുവദിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. തുക അനുവദിച്ച നൽകുന്നതിനുള്ള നടപടികൾ ഫിഷറീസ് ഡയറക്ടർ സ്വീകരിച്ചു വരുന്നു. |
| (സി) | കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ കാസർഗോഡ് ഓഫീസിൽ നിന്നും വായ്പയെടുത്തവരും മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ കടാശ്വാസത്തിന് ശിപാർശ ചെയ്തതുമായവരുടെ കടാശ്വാസ തുക പ്രസ്തുത ഓഫീസിൽ എന്നത്തേയ്ക്ക് ലഭ്യമാക്കുമെന്ന് വിശദമാക്കുമോ? | (സി) | കേരള സംസ്ഥന പിന്നോക്ക വിഭാഗ വികസന കോർപറേഷനിൽ നിന്നും വായ്പ എടുത്ത ഗുണഭോക്താക്കൾക്ക് കടാശ്വാസം അനുവദിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. തുക അനുവദിച്ച നൽകുന്നതിനുള്ള നടപടികൾ ഫിഷറീസ് ഡയറക്ടർ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

സംസ്ഥാനത്ത് തീരദേശ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനോപാധികൾ ലഭ്യമാക്കാൻ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

**<u>1. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ നൽകുന്ന പദ്ധതി</u>**

കേന്ദ്രാവിഷ്കൃത പദ്ധതിയായ PMMSY യിൽ ഉൾപ്പെടുത്തി 10 പേർവീതം അടങ്ങുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് 10 യന്ത്രവല്കൃത ആഴക്കടൽ മത്സ്യ ബന്ധന ബോട്ടുകൾ നൽകുന്ന പദ്ധതിയ്ക്ക് 2020 – 21 സാമ്പത്തിക വർഷം അംഗീകാരം നൽകി. 1200 ലക്ഷം രൂപയാണ് ആകെ പദ്ധതി തുക. അതിൽ 24% (288 ലക്ഷം രൂപ) കേന്ദ്ര വിഹിതവും 16% (192 ലക്ഷം രൂപ) സംസ്ഥാന വിഹിതവും ബാക്കി 60% (720 ലക്ഷംരൂപ) ഗുണഭോക്തൃവിഹിതവും ആണ്. ആദ്യഘട്ടത്തിൽ pilot പ്രോജക്ട് ആയി തിരുവനന്തപുരം, കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

**<u>2. ഓഖി ദുരന്തത്തിൽപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് 120 FRP ബോട്ട് നൽകുന്ന പദ്ധതി</u>**

ഓഖിദുരന്തത്തിൽ മത്സ്യബന്ധനയാനങ്ങൾ പൂർണ്ണമായും അപകടത്തിൽപ്പെട്ട് തൊഴിൽ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് 120 FRP മൽസ്യബന്ധന യൂണിറ്റുകൾ സൗജന്യമായി നൽകുന്നതിന് ബ്ലൂ റവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 988 ലക്ഷംരൂപയുടെ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതിൽ 194 ലക്ഷം രൂപ കേന്ദ്രവിഹിതവും 794 ലക്ഷം രൂപ സംസ്ഥാനവിഹിതവുമാണ് (CMDRF). ഓരോ FRP ബോട്ടുകൾക്കും 25 HP യുടെയും 9.9 HP യുടെയും രണ്ട് എഞ്ചിനുകളും, ജി.പി.എസ്, എക്കോസൗണ്ടർ, ലൈഫ്ബോയ്, റോപ്പ്, ഫ്ലോട്ട് എന്നിവയും നൽകുന്നു. 107 ബോട്ടുകൾ നിർമ്മാണം പൂർത്തീകരിച്ച് വിതരണം ചെയ്തു. പദ്ധതി അന്തിമ ഘട്ടത്തിലാണ്.

**<u>3.മത്സ്യത്തൊഴിലാളികൾക്ക് 200 FRP ബോട്ട് നൽകുന്ന പദ്ധതി</u>**

മത്സ്യത്തൊഴിലാളികൾക്ക് FRP മൽസ്യബന്ധനയൂണിറ്റുകൾ 40 % സബ്സിഡിയിൽ വിതരണം ചെയ്യുന്നതിന് 2018-19 സാമ്പത്തിക വർഷം ബ്ലൂറവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 412 ലക്ഷം രൂപയുടെ പദ്ധതി മത്സ്യഫെഡ് വഴി നടപ്പിലാക്കിയിരുന്നു. പദ്ധതി തുകയുടെ 40% (172 ലക്ഷം രൂപ) ആണ് സബ്സിഡിയായി അനുവദിച്ചത്. ഇതിൽ 98.88 ലക്ഷം രൂപ കേന്ദ്രവിഹിതവും 73.12 ലക്ഷം രൂപ സംസ്ഥാനവിഹിതവുമാണ്. 200 മത്സ്യത്തൊഴിലാളികൾക്കാണ് ഈ

പദ്ധതി പ്രകാരം 2 ലക്ഷം രൂപ വിലവരുന്ന FRP മൽസ്യബന്ധന യൂണിറ്റുകൾ നിർമ്മിച്ച് നൽകിയത്. പദ്ധതി പൂർത്തീകരിച്ചു.

**4. മത്സ്യത്തൊഴിലാളികൾക്ക് 100 FRP ബോട്ട് നൽകുന്ന പദ്ധതി**

2021-22 സാമ്പത്തികവർഷം PMMSY പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളികൾക്ക് 5 ലക്ഷം രൂപ ചെലവ് വരുന്ന 100 FRP മൽസ്യ ബന്ധന യൂണിറ്റുകൾ വിതരണം ചെയ്യുന്നതിന് 500 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. FRP യാനത്തിനു പുറമെ എഞ്ചിൻ മത്സ്യബന്ധന വലകൾ, അനുബന്ധഉപകരണങ്ങൾ എന്നിവ ഉൾപ്പെടുന്നതാണ് ഒരു യൂണിറ്റ്. ഇതിൽ 120 ലക്ഷം രൂപ കേന്ദ്രവിഹിതവും 80 ലക്ഷം രൂപ സംസ്ഥാനവിഹിതവും 300 ലക്ഷം രൂപ ഗുണഭോക്തൃ വിഹിതവുമാണ്. ഗുണോക്തൃ തെരഞ്ഞെടുപ്പ് നടത്തി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ മത്സ്യഫെഡ് വഴി പുരോഗമിക്കുന്നു. കൂടുതൽ സുരക്ഷിതമായ FRP യാനങ്ങൾ നൽകുന്നതിലൂടെ മത്സ്യത്തൊഴിലാളികളുടെ ആത്മവീര്യവും ആത്മവിശ്വാസവും വർദ്ധിപ്പിക്കുകയും സാമൂഹിക സാമ്പത്തിക സുരക്ഷിതത്വം ഉറപ്പുവരുത്തുകയും മത്സ്യത്തൊഴിലാളികളെ മത്സ്യബന്ധന യാനങ്ങളുടെ ഉടമസ്ഥരാക്കി തീർക്കുകയുമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

**5. വലകൾക്കുള്ള സബ്സിഡി**

പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് വലകൾ വാങ്ങുന്നതിന് സബ്സിഡി നൽകുന്ന "Suitable components for fishing gears" എന്ന പദ്ധതി മത്സ്യഫെഡ് മുഖേന നടപ്പിലാക്കി വരുന്നു. പദ്ധതി പ്രകാരം വിലയുടെ 50% അല്ലെങ്കിൽ 10,000/- രൂപ ഇവയിൽ ഏതാണോ കുറവ് ആയത് 10 HP യിൽ താഴെയുള്ള OBM ഘടിപ്പിച്ച യാന ഉടമസ്ഥരായ മത്സ്യത്തൊഴിലാളികൾക്കാണ് നൽകിവരുന്നത്. 40 ലക്ഷം രൂപയാണ് പദ്ധതി വിഹിതം. 400 മത്സ്യത്തൊഴിലാളികൾക്കാണ് ഈപദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത്.

**6. നാടൻ വള്ളങ്ങളുടെ നവീകരണം**

നാടൻ വള്ളങ്ങൾ യന്ത്രവൽക്കരിക്കുന്നതിന് 10 എച്ച്.പി. യിൽ താഴെയുള്ള ഔട്ട് ബോർഡ് എഞ്ചിൻ വാങ്ങുന്ന മത്സ്യത്തൊഴിലാളികൾക്ക് ഈ പദ്ധതി പ്രകാരം എഞ്ചിന്റെ വിലയുടെ 20% പരമാവധി 30,000/- രൂപ വരെ സബ്സിഡി നൽകി വരുന്നു.

1) **7. എൻ.ബി.സി.എഫ്.ഡി.സി. / എൻ.എം.ഡി.എഫ്.സി. എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോടു കൂടിയുള്ള ടേം വായ്പകൾ**

മത്സ്യത്തൊഴിലാളി മേഖലയിൽ വിവിധ തൊഴിൽ സംരംഭങ്ങൾ ഏറ്റെടുത്തു നടത്തുന്നതിനും മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനുമായി ടേം വായ്പകൾ നൽകി വരുന്നു. മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനായി വായ്പ പലിശരഹിതമായി 3 വർഷ കാലാവധിയിൽ നൽകുന്നു.

**8. എൻ.സി.ഡി.സി. ധനസഹായത്തോടു കൂടിയുള്ള സംയോജിത മത്സ്യവികസന പദ്ധതി (ഐ.എഫ്.ഡി.പി.)**

മത്സ്യഫെഡിലെ അംഗങ്ങളായി പ്രാഥമിക സഹകരണ സംഘങ്ങളിലെ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾക്കും മത്സ്യവിപണന സംവിധാനങ്ങൾ വിപുലീകരിക്കുന്നതിനും ആവശ്യമായ വായ്പ ലഭ്യമാക്കുക, സംഘങ്ങൾക്ക് മത്സ്യ സംസ്കരണത്തിന് അടിസ്ഥാന സൗകര്യം ഉണ്ടാക്കുക, മത്സ്യലേലം ശക്തിപ്പെടുത്തുന്നതിന് പ്രവർത്തന മൂലധനം ലഭ്യമാക്കുക എന്നിവ ഈ പദ്ധതി വഴി നൽകി വരുന്നു. മത്സ്യബന്ധന ഉപകരണ വായ്പാ പദ്ധതി, പലിശ രഹിത വായ്പാ പദ്ധതിയായിട്ടാണ് 2018-19 വർഷം മുതൽ നടപ്പിലാക്കി വരുന്നത്.